മി. ചെയർമാൻ: അതിന്റെ ആവശ്യമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു മന്ത്രി പിന്താങ്ങണമെന്നാണ്:

മി. ചെയർമാൻ: അങ്ങനെ പ്രൊവിഷനുണ്ടെങ്കിൽ അത് പോയിന്റ് ഔട്ട് ചെയ്യണം. I don't think that there is any such provision in the Rules of Procedure and Conduct of Business.

When a Member raises a point of order that such and such procedure is not regular, he should show the relevant provision to show why it is not in order. What he had stated was that, according to my knowledge, there is no provision in the Rules of Procedure which specifically says that a motion by the Minister should be seconded by the Minister. That is why I am saying that it has been seconded by one of the honourable Members. So the motion is in order.

The question that the Kanam Tenancy Abolition (Amendment) Bill, 1979 be finally passed was put and carried.

The motion was adopted and the Bill was finally passed.

(iii) 1979-ലെ കാണക്കുടിയായ്മ നിർത്തലാക്കൽ രണ്ടാം (ഭേദഗതി) ബിൽ

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി: (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയായ്മ നിർത്തലാക്കൽ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ബേബി ജോൺ: ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജെ. ചിത്തരഞ്ജൻ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ബേബി ജോൺ: സർ, ദീർഘമായി ഒന്നും തന്നെ പറയാനില്ല. ഇവിടെ ഇതേവരെ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ഇനിയും ഇതിനെ സംബന്ധിച്ച് വിശദമായ ഒരു ചർച്ച ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ടിൽ ഇടത്തട്ടുകാരുടെ റൈറ്റ്സ് അബോളിഷ് ചെയ്തിരുന്നു, കൊച്ചിൻ ഏരിയായിൽ. 1976-ലെ ആ നിയമം ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ ദിവസം മുതൽ, 1970 ജനുവരി 1-ാം തീയതി മുതൽ പിൽക്കാലപ്രാബല്യം കൊടുത്തുകൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിലെ സെക്ഷൻ 15 (1) അനുസരിച്ച് എല്ലാ കൂടിശ്ശികകളും 1970 ജനുവരി 1-ാം തീയതിക്ക് മുൻപുള്ളത് all such arrears of Jenmikaram shall be deemed to be fully discharged if the Kanam tenant pays within one year from the date of publication of the Kanam Tenancy Abolition Ordinance, 1975, in the Gazette, an

LIBRARY ARCHIVES Kerala Legislative Assembly

amount equal to the arrears of Jenmikaram for the one immediately preceding 1st January 1970, എന്നുള്ളതാണ്. അതിൽ പ്രത്യേകിച്ച് പറയുന്നത് It was considered necessary to give relief to such sub-tenants എന്നാണ്.

പിന്നീട് അന്യാധീനപ്പെട്ടുപോയ ഭൂമികളെ സംബന്ധിച്ച് കോടതിയുടെ ഡിക്രി വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അവ തിരിച്ചെടുക്കാൻ ആവശ്യമായ ഭേദഗതിയാണ് ഈ ഓർഡിനൻസുമൂലം കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങളെ വളരെ ദീർഘമായി പറയണമെന്നുദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയും മറ്റും വളരെക്കാലമായി നിവേദനം നൽകിയിട്ടുള്ള ഒരു ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള ഒരു ബില്ലാണിത്. വലിയ തർക്കവിഷയങ്ങളൊന്നും ഇതിലില്ല. അതാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ഇന്നലെയും ഇന്നുമായി ഭൂപരിഷ്ക്കരണനിയമത്തെ സംബന്ധിച്ചും അതുപോലെ മറ്റു ബന്ധപ്പെട്ട കർഷകർക്ക് ആശ്വാസം ലഭിക്കുവാനുള്ള നിയമങ്ങളെ സംബന്ധിച്ചും പരസ്പരധാരണയോടുകൂടി, സൗഹാർദ്ദത്തോടുകൂടിയ ഒരു അന്തരീക്ഷത്തിലാണ് ചർച്ചകളും നടന്നിട്ടുള്ളത്. അതേ അന്തരീക്ഷം നിലനിർത്തിക്കൊണ്ടുതന്നെ ഇതും നേരത്തെ പാസ്സാക്കിയെടുക്കാം എന്നു മാത്രമേ എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളൂ.

Shri N. I. Devassykutty: Sir, I move that the Kanam Tenancy Abolition (Second Amendment) Bill, 1979 be circulated for eliciting public opinion till 31st January 1980.

ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾ നിവേദനം നടത്തിയെന്നു പറഞ്ഞ കാര്യം ശരിയാണ്. എന്നാൽ അതുകൊണ്ട് കാര്യമായി ഒന്നും പറയാനില്ലെന്ന ആശയത്തോട് യോജിക്കുന്നില്ല. ഇതിൽ ഒന്നു രണ്ടു കാര്യങ്ങൾ പ്രത്യേകമായി ചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ട്. കീഴ്ക്കുടിയാൻ ഉണ്ടെന്നും കീഴ്ക്കുടിയാൻ കാണക്കുടിയാനു ശരിയായി മിച്ചവാരം കൊടുത്തിരുന്നുവെന്നും ഈ മിച്ചവാരം കീഴ്ക്കുടിയാൻ കൊടുത്തുവന്നിരുന്നത് കാണക്കുടിയാൻ അവസാനജൻമിക്ക്, അങ്ങനെ മേൽ ജൻമിക്ക് കൊടുത്തില്ലെന്നും അതുകൊണ്ട് നടപടി വന്നു, ഒഴിപ്പിക്കപ്പെട്ടു. ഇതെല്ലാം തർക്കമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ഒഴിപ്പിക്കപ്പെട്ടത് വീണ്ടെടുക്കാൻ സമയം കൊടുത്തു എന്നുള്ളതു നല്ല കാര്യമാണ്. എന്നാൽ ഇതിൽ റെസ്റ്റൊറേഷനുവേണ്ടിയുള്ള 15 (എ) വകുപ്പിൽ എന്റെ അഭിപ്രായത്തിൽ ചില അപാകതകളും വന്നുപോയിട്ടുണ്ട്. "The Kanam tenant has been dispossessed of the holding after the appointed day and before the date of publication of the Kanam Tenancy Abolition (Second Amendment) Ordinance, 1979, in the Gazette, such sale shall stand set aside and such Kanam tenant shall, subject to the provisions of this section be entitled to restoration of possession of the holding." അപ്പോയിൻഡഡ് ഡേ എന്നു പറയുന്നതു അപ്പോയിൻഡഡ് ഡേയ്ക്കുശേഷം ഉള്ളതിനു മാത്രമാണ് ഇതു ബാധകമാക്കിയിട്ടുള്ളത്. കാണം ടെനൻസി അബോളിഷൻ ആക്ട്, 1976 അനുസരിച്ചു appointed day of 1st January, 1970. അതാണ് 1976-ലെ നിയമത്തിൽ അപ്പോയിൻഡഡ് ഡേ ആയിരുന്നത്. ആ അപ്പോയിൻഡഡ് ഡേയ്ക്കുശേഷം ഉണ്ടായിട്ടുള്ള, ഈ ഓർഡിനൻസ് നോട്ടിഫൈ ചെയ്യുന്നതിനുമുമ്പ് ഉണ്ടായിട്ടുള്ള ഒഴിപ്പിക്കലിനുമാത്രം പരിമിതപ്പെടുത്തി നിറുത്തിയിരിക്കുന്നു. അതിലാണ് അഭിപ്രായവ്യത്യാസം ഉള്ളത്: അപ്പോയിൻഡഡ്

LIBRARY ARCHIVES Kerala Legislative Assembly

ഡേയ്ക്ക് തൊട്ടുമുമ്പോ ഒന്നു രണ്ടു വർഷങ്ങൾക്ക് മുമ്പോ ഒഴിപ്പിക്കപ്പെട്ടിട്ടുള്ള കാണക്കുടിയാൻമാർക്ക് യാതൊരു രക്ഷയും ഈ നിയമംകൊണ്ടു കിട്ടുന്നില്ല സർ. ഭൂപരിഷ്ക്കരണനിയമമായാലും കാണം ആയാലും മറ്റെന്തു ടെനൻസി ആയാലും നമ്മൾ ഒരു അംഗീകൃതതത്വം വച്ചിട്ടുള്ളതു 1963-ലെ കേരളാ ലാൻഡ് റിഫോംസ് ആക്ട് നടപ്പായ തീയതിവരേക്ക് പിൽക്കാല പ്രാബല്യം കൊടുക്കണമെന്നുള്ളതാണ്. അതൊരു അക്സപ്റ്റഡ് പ്രിൻസിപ്പിളായി ഗവൺമെൻറ് സ്വീകരിച്ചുവന്നിട്ടുണ്ട്. അതുകൊണ്ടാണ് ഈ ഇഷ്ടദാനത്തിനു സാധുതകൊടുക്കുന്നതിനും മറ്റു കാര്യങ്ങൾക്കും ശ്രമിക്കുന്നത്, ഏതു നിയമത്തിനും 1963-നു പ്രാധാന്യം കൊടുത്തിട്ടുള്ളത്. അന്നാണ് കേരള ലാൻഡ് റിഫോംസ് ആക്ട് പാസ്സാക്കിയിട്ടുള്ളത്. ഏതു നിയമനിർമ്മാണത്തിലും പിൽക്കാല പ്രാബല്യം കൊടുക്കുന്നുണ്ടെങ്കിൽ അതു കഴിയുന്നിടത്തോളം 1963-ലെ കാർഷികപരിഷ്ക്കാരനിയമം പാസ്സാക്കിയ ആ തീയതിവരേയ്ക്ക് മുൻകാലപ്രാബല്യം കൊടുക്കുക എന്നുള്ളതാണ് നാം സ്വീകരിച്ചിട്ടുള്ള തത്വം. ഈ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ള നിരവധി നിയമനിർമ്മാണങ്ങൾ പരിശോധിച്ചാൽ പിൽക്കാലപ്രാബല്യം കൊടുത്തിട്ടുള്ളതൊക്കെ 1964 വരെയെങ്കിലും കൊടുത്തിട്ടുള്ളതായി കാണാൻ സാധിക്കും. അതു നാം അംഗീകരിച്ച തത്വമാണ്. എന്തുകൊണ്ട് ഈ കാര്യത്തിൽ ആ അംഗീകൃത തത്വം പാലിച്ചില്ല.

കാണം ടെനൻസി അബോളിഷനു ഒരു പ്രത്യേക നിയമനിർമ്മാണം കേരള ഭൂപരിഷ്ക്കരണനിയമത്തിൽനിന്നു വ്യത്യസ്തമായി കൊണ്ടുവരാൻ കാരണം അന്ന് അതു പാസ്സാക്കിയ സമയത്തു ഗവൺമെൻറിലുള്ളവരും പ്രതിപക്ഷത്തുള്ളവരും കൊച്ചി പ്രദേശത്തെ കാണക്കുടിയാൻമാരെ മറന്നു പോയി. ആ കാരണം കൊണ്ടുമാത്രമാണ് കൊച്ചി പ്രദേശത്തുള്ള കാണക്കുടിയാൻമാർ 1963-ലെ കേരള ലാൻഡ് റിഫോംസ് ആക്ടിൻറെ പരിധിയിൽ വരാതിരുന്നത്. ഒരു നോട്ടപ്പിശകുകൊണ്ടാണ് അതു സംഭവിച്ചത്. അല്ലെങ്കിൽ 1963-ലെ നിയമത്തിൽ കൊച്ചി പ്രദേശത്തുള്ള കുടിയാൻമാർ വരുമായിരുന്നു. അതുകൊണ്ട് കൊച്ചിയിലെ കാണക്കുടിയാൻമാർ ഒഴിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ ഭൂമി വീണ്ടെടുക്കാനുള്ള നിയമം ഇപ്പോഴെ ഉണ്ടാക്കുമ്പോഴെ 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ടിൽ പറയുന്ന 1970 ജനുവരി എന്നുള്ള അപ്പോയിൻറഡ് ഡേ മാറ്റണം. ആ അപ്പോയിൻറഡ് ഡേയ്ക്ക് ശേഷമുള്ളതു മാത്രം വീണ്ടെടുക്കുക എന്നുള്ളതു പോര. 1963 വരെയുള്ള കൊച്ചി പ്രദേശത്തുള്ള ഒഴിപ്പിക്കപ്പെട്ട എല്ലാ കാണക്കുടിയായ്മകളും വീണ്ടെടുക്കാനുള്ള ഭേദഗതി ഈ നിയമത്തിൽ വരുത്തണമെന്നാണ് എൻറെ അഭിപ്രായം. അതല്ലെങ്കിൽ അനവധി കുടിയാൻമാർക്ക് ദോഷം സംഭവിക്കും. ഇപ്പോഴെതന്നെ അനവധി നിവേദനങ്ങൾ ഗവൺമെൻറിനു കിട്ടിക്കാണുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മറ്റൊരു പ്രധാന അപാകത ഈ സംഖ്യ കെട്ടിവയ്ക്കുന്നതിനെ സംബന്ധിച്ച് ഇതിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ഇങ്ങനെ ഒഴിപ്പിക്കപ്പെട്ട കുടിയാനു ഭൂമി വീണ്ടുകിട്ടണമെങ്കിൽ നിശ്ചിതമായിട്ടുള്ള കുടിശ്ശിക സംഖ്യ deposit and amount equal to the arrears of jenmikaram for the one year immediately preceding the appointed day in the court which passed the decree and apply to that court for setting aside the sale and for restoration of possession of his holding. ഇതാണ് നടപടിക്രമം പറയുന്നത്. അപ്പോഴെ ശരിയായിട്ടു ഒഴിപ്പിക്കപ്പെട്ട കീഴ്കുടിയാൻമാരാണെങ്കിൽ ആ കുടിയാൻ നിശ്ചിതമായിട്ടുള്ള ഒരു കൊല്ലത്തെ ജൻമിക്കരത്തിൻറെ കുടിശ്ശിക കോടതിയിൽ കെട്ടിവച്ചാൽ ആ ഭൂമി വീണ്ടെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള അനുവാദം ലഭിക്കും. എന്നാൽ ഒരു പ്രൊവിഷൻ എഴുതിച്ചേർത്തിട്ടുണ്ട്. അത് വളരെയധികം വിഷമതകളുണ്ടാക്കും. Provided that where the holding has been sold to a purchaser other than the decree-holder, the amount to be deposited under this sub-section shall be equal to the purchase money together with interest at the rate of six per cent per annum. സർ, പാതകമാണ് ഈ എഴുതിവച്ചിരിക്കുന്നത്. ഒഴിപ്പിക്കപ്പെട്ട കുടിയാനു, ഡിക്രിയോടുകൂടിയാണെങ്കിൽ ഒരു കൊല്ലത്തെ ജൻമിക്കരത്തിന്റെ കുടിശ്ശിക കെട്ടിവച്ചാൽ ഒഴിപ്പിച്ചെടുക്കാം. എന്നാൽ, സംഗതിവശാൽ ഈ കുടിയാനെ തോൽപ്പിക്കുന്നതിനുവേണ്ടി ആ ഡിക്രിഹോൾഡർ അമിതമായ വിലക്ക് ആ ഭൂമി വിറ്റാൽ ആ അമിതവിലയും ആറുശതമാനം പലിശയും കെട്ടിവച്ചാൽ മാത്രമേ പിന്നീട് ആ ഭൂമി കുടിയാനു കിട്ടുകയുള്ളു എന്നുള്ള പ്രൊവൈസോ എഴുതിവച്ചിട്ടുള്ളതു മിതമായ ഭാഷയിൽ പറഞ്ഞാൽ ഇങ്ങനെയുള്ള കൃഷിക്കാർക്ക് ഭൂമി ഒരിക്കലും തിരിച്ചുകിട്ടാനാവാത്ത ഒരു സ്ഥിതിവിശേഷത്തിൽ കൊണ്ടുചെന്നെത്തിക്കുന്നതിനുവേണ്ടിയാണ്.

മി. ചെയർമാൻ: ആധാരമെഴുതിവച്ചതാണോ അതോ കോടതിയിൽ നിന്നു ലേലംവിളി കേട്ടതാണോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഡിക്രിഹോൾഡർക്ക് കിട്ടിക്കഴിഞ്ഞിട്ട് provided that where the holding has been sold to purchaser other than the decree-holder.....

Shri Baby John: By the holder എന്നു പറയുമ്പോൾ sold to a purchaser other than the decree-holder എന്നല്ലേ വരികയുള്ളു? ഉദ്ദേശിക്കുന്നതും അതേ ഉള്ളു. Sold to a purchaser other than the decree-holder, എന്നാണ്. എന്നുപറഞ്ഞാൽ കോർട്ടിൽനിന്നു കൊടുക്കുന്ന കാര്യമാണോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒഴിപ്പിക്കുന്നതിനുവേണ്ടി കോടതിയിൽനിന്നു വിധി സമ്പാദിച്ചിട്ടുള്ള ആളാണ് ഡിക്രിഹോൾഡർ. അയാൾക്ക് അതു വിൽക്കുന്നതിനു യാതൊരു നിയമതടസ്സവുമില്ല. അതൊന്നു വിശദീകരിക്കണം. ഞാൻ പറയുന്നതു തെറ്റാണെങ്കിൽ തിരുത്താം. എനിക്ക് പിടിവാശിയൊന്നുമില്ല. അപ്പോയിന്റഡ് ഡേയ്ക്കുമുമ്പും പിമ്പും ആ ഭൂമി വിൽക്കാൻ ഡിക്രിഹോൾഡർക്ക് അവകാശമുണ്ട്. അതാണ് പറഞ്ഞത്. Provided that where the holding has been sold to a purchaser other than the decree-holder എന്നുള്ളതു ഇവിടെ വ്യാഖ്യാനിച്ചാൽ പോരാ. 'by whom' എന്നുള്ളതു പറയാമായിരുന്നു. ഒന്നു പാസ്സാക്കിവച്ചിട്ട് തർക്കത്തിനു ഇടയാക്കേണ്ട കാര്യമൊന്നുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഏതൊന്നിന്റെ പേരിലാണോ ഡിക്രികിട്ടിയതു അതു ആ ഡിക്രിഹോൾഡർക്ക് കിട്ടിക്കൊള്ളണമെന്നില്ല. പല കേസിലും കിട്ടാറുണ്ട്; പുറമേ പോകാറുമുണ്ട്. ഇതു രണ്ടും കോടതി മുഖാന്തിരമാണെന്നാണ് ബഹുമാനപ്പെട്ട ചെയറിൽനിന്നും പറഞ്ഞതെന്നാണെനിക്ക് തോന്നുന്നത്. ആ അർത്ഥത്തിലാണെങ്കിൽ ഡിക്രി ഹോൾഡറായതുകൊണ്ടുമാത്രം വേറൊരാൾക്ക് വിൽക്കാൻ അവകാശമുണ്ടെന്നു പറയുന്നതു എങ്ങനെ പ്രായോഗികമാകും? അവിടെയാണ് എനിക്ക് സംശയം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ ബഹുമാനപ്പെട്ട ചെയറിനെ ചോദ്യം ചെയ്യുകയല്ല. പ്രെയിനായ ഇംഗ്ലീഷ് ഭാഷയിൽ എഴുതിവച്ചിട്ടുള്ളതാണ്. Provided that where the holding has been sold to a purchaser other than the decree-holder. ഇതു കോർട്ടിന്റെ ആണെന്നുള്ള സങ്കല്പം കോർട്ടിന്റെ അല്ലാതെയും വരാം എന്നു ഞാൻ വാദിക്കുന്നു. ഡിക്രി ഹോൾഡർക്ക് ഭൂമി കിട്ടിയശേഷം അതു വിറ്റാൽ അതു വാങ്ങിയ ആളെക്കൂടി ബാധിക്കുമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് sold എന്നുള്ളതു വ്യക്തമാക്കണമെങ്കിൽ sold by the court എന്നാക്കണം. അല്ലെങ്കിൽ മറ്റുവിധത്തിൽ വ്യാഖ്യാനിക്കാം. ശരിയായ, പ്രെയിൻ ഇംഗ്ലീഷ് ഭാഷയിൽ provided that where the holding has been sold to a purchaser other than the decree-holder, എന്നു വ്യാഖ്യാനിക്കേണ്ടിവരും. sold to any other person not by the court അങ്ങനെയാണെങ്കിൽ ഡിക്രി ഹോൾഡർ എന്തുവിലക്ക് വിറ്റോ ആ വില ഡെപ്പോസിറ്റ് ചെയ്യേണ്ടിവന്നാൽ ഒരു കാണക്കുടിയാനും ഭൂമി വീണ്ടെടുക്കാൻ കഴിയുകയില്ല. അതു മാത്രവുമല്ല, ഈ കുടിയാനെ തോല്പിക്കുന്നതിനുവേണ്ടി ഭീമമായ തുകക്ക് വിൽക്കാനും ബോഗസ് ട്രാൻസാക്ഷൻസ് നടത്താനും കഴിയും. അതില്ലാതാക്കാൻ വേണ്ടി ഒന്നോ രണ്ടോ വാക്കുകൂടി എഴുതിവയ്ക്കാതിരുന്നാൽ ഉണ്ടാകുന്ന സ്ഥിതിവിശേഷം കോടതി കയറിനടക്കുന്നവർക്കേ അറിയൂ. അതിനു നൂറുദാഹരണങ്ങളം വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. വെറുതേ സോൾഡ് എന്നു പറഞ്ഞാൽ ആർക്കുവേണമെങ്കിലും വിൽക്കാം. 'Sold by Court' എന്നാണെങ്കിൽ അതു പറയണം.

മി. ചെയർമാൻ: അതു സബ്ക്ലാസ് 1-ൽ പറയുന്നുണ്ട്.

Shri N. I. Devassykutty: Notwithstanding anything to the contrary contained in any law, or in any judgement, decree or order of court, where any holding has been sold in execution of a decree.... എന്നു പറയുന്നു. ആ പ്രക്രിയ കഴിഞ്ഞതിനുശേഷവും ഡിക്രി ഹോൾഡർക്ക് ഭൂമി വിൽക്കാൻ അധികാരമുണ്ട്. അങ്ങനെയുള്ള സെയിലിനു വ്യാഖ്യാനം വരുമ്പോൾ കോർട്ട് വിറ്റതല്ല ഡിക്രിഹോൾഡർ വിറ്റതാണെങ്കിൽ ഈ പ്രൊവൈസോ ദോഷംചെയ്യുമെന്നു മാത്രമാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് അതു പരിശോധിക്കണം. ഇതിന്റെ വേഡിംഗ് മാറ്റണം.

The court may also order the applicant to deposit in the court such amount as may be specified by it towards cost of the auction purchaser and the value of improvements, if any, effected on the holding after the sale. ഇതിന് ഞാൻ പറയുന്ന വ്യാഖ്യാനമാണു വരുന്നതെങ്കിൽ അപ്പോയിൻറഡ് ഡേയ്ക്കുശേഷവും ഓർഡിനൻസ് നോട്ടിഫൈ ചെയ്ത ആഗസ്റ്റ് 1979-നു മുൻപും ഡിസ്പൊസസ് ചെയ്തുകഴിഞ്ഞാൽ നാം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല. ഈ ബിൽ പാസ്സായി നിയമമായി നടപ്പിലാകുമ്പോഴത്തെ സമയം കുറെപ്പിടിക്കും. അതിനകം പല ബോഗസ് ഇടപാടുകളും നടക്കാനിടയുണ്ട്. മാത്രവുമല്ല, കാണം ടെനൻസി അനുസരിച്ചുള്ള സബ്ടെനൻറിന്റെ ഭൂമിയുടെ വിൽപന കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ പറ്റാത്ത മാതിരി ഒരു വീട് പണിയാനും കഴിയും. അതുപോലെതന്നെ പെർമനൻറ് ഇംപ്രൂവുമെൻറ്സ് ഉണ്ടാക്കാനും കഴിയും. അങ്ങനെ സംഘടിച്ചാൽ ലക്ഷംരൂപ കൊടുത്താലും ആ ഭൂമി വീണ്ടെടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കുന്നു; സംശയരഹിതമായ ഒരു ഭേദഗതിവരുത്തിയശേഷംമാത്രം ഇതു പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഇന്നലെ പാസ്സാക്കിയ ബില്ലിന്റെ തുടർച്ചയായി ഇതിനെ കരുതാം. കുടിയാൻമാർക്കു കൊടുത്തിരുന്ന ആനുകൂല്യങ്ങളും കീഴ്ക്കുടിയാൻമാർക്കു കിട്ടാതിരുന്നതുകൊണ്ട് അവർക്ക് അവരുടെ ഭൂമി ഇതിനകം നഷ്ടപ്പെട്ടിരിക്കാനിടയുണ്ട്. ആ സംരക്ഷണം അവർക്കും കൂടി കൊടുക്കാൻ വേണ്ടിയാണ് ഈ ഭേദഗതി നിയമം കൊണ്ടുവരുന്നത്. 1976-നു ശേഷം, നിയമത്തിന്റെ സംരക്ഷണം കിട്ടാതെ ഭൂമി നഷ്ടപ്പെട്ട കീഴ്ക്കുടിയാൻമാർക്ക് ആ ഭൂമി തിരിച്ചു കിട്ടുന്നതിനുള്ള വ്യവസ്ഥയും പാട്ടക്കുടിശ്ശിക എന്ന ബാധ്യതയിൽനിന്നുള്ള സംരക്ഷണവുമാണ് ഈ ബില്ലിലുള്ളത്. പാട്ടക്കുടിശ്ശിക അടയ്ക്കുന്നതിനു തീയതി നീട്ടിക്കൊടുക്കാനുള്ള നിയമം ഇപ്പോഴും പാസ്സായതേയുള്ളു. കീഴ്ക്കുടിയാൻമാർക്ക് ആദ്യമായാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. മൂന്നു മാസംകൊണ്ട് ഈ കുടിശ്ശിക മുഴുവൻ അടച്ചുതീർക്കാൻ കഴിയുമെന്നും ഇങ്ങനെയൊരുനിയമംവഴി കീഴ്ക്കുടിയാൻമാർക്കു സംരക്ഷണം കിട്ടുമെന്നും കരുതുന്നതു തെറ്റാണ്. കഴിഞ്ഞ എത്രയോ വർഷങ്ങളായി ഈ നിയമത്തിന്റെ ആനുകൂല്യങ്ങൾ ഉണ്ടായിരുന്നിട്ടും അതു പ്രയോജനപ്പെടുത്താൻ കഴിയാതിരുന്നതുകൊണ്ട് ആ തീയതി നീട്ടിക്കൊടുക്കാൻ തീരുമാനിച്ച സഭ ഇവർ ഈ കാലാവധിക്കുള്ളിൽ കുടിശ്ശികയടച്ച് ആനുകൂല്യം പ്രയോജനപ്പെടുത്തിക്കൊള്ളണമെന്നു തീരുമാനിച്ചിരിക്കുന്നത് ശരിയല്ല. നിയമം കൊണ്ടുദ്ദേശിക്കുന്ന ഫലം കിട്ടണമെങ്കിൽ ഈ മൂന്നുമാസം എന്നുള്ളത് കുറെക്കൂടി (സബ്-സെക്ഷൻ 2) നീട്ടിക്കൊടുക്കണം. ഇനിയും തീയതി നീട്ടിക്കൊടുക്കുന്നതിനുള്ള അവസരമുണ്ടാക്കാതെ ഇപ്പോഴത്തന്നെ ആവശ്യത്തിനുള്ള സാവകാശംകൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഗുരുതരമായ അഭിപ്രായവ്യത്യാസം ഈ ബില്ലിന്റെ കാര്യത്തിലും ഇല്ല എന്നു കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിച്ചു. ഒന്ന്, പിൽക്കാല പ്രാബല്യം നൽകുമ്പോൾ 1963-ലെ ലാൻഡ് റിഫോംസ് ആക്ട് ആ രീതിയിൽ വന്നിട്ടുണ്ടെന്നു സൂചനതന്നത്, സർ അത് ബുദ്ധിമുട്ടാണ്. നിയമം നടപ്പിലാക്കിയത് 1970 ജനുവരി ഒന്നു മുതലാണ്. അന്നുമുതലുള്ള ആനുകൂല്യം ഉറപ്പു ചെയ്തുകൊണ്ടാണ് മുമ്പിലത്തെ നിയമത്തിൽ നാം വ്യവസ്ഥ ചെയ്തിരിക്കുന്നത്, അന്ന് ആ നിയമം നടപ്പിലാക്കാൻ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതുകൊണ്ടാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, എനിക്കു പറയാനുള്ളത് കൃഷിക്കാർക്ക് ഗുണം ഇല്ല എന്നുള്ളതാണ്. ഗുണം ഉണ്ടെങ്കിൽ ചെയ്യുന്നതിന് നിയമതടസ്സം ഇല്ലെങ്കിൽ ചെയ്യുകയല്ലേ വേണ്ടത്?

ശ്രീ. ബേബി ജോൺ: ഇതിൽ ഗുണം ഇല്ലായെന്നല്ല. കേസുകൾ അധികം ഉണ്ട്. 1976-ൽ ഉള്ള കേസുകൾക്ക് കോടതിയിൽ തീരുമാനമായിട്ടില്ല. കൈവശാവകാശം നഷ്ടപ്പെട്ടു എന്നുപറയുന്നത് 1976-ൽ ആണ്, അങ്ങിങ്ങ് ചില കേസുകൾ ഇല്ല എന്നു ഞാൻ പറയുന്നില്ല. അതിനെ സംബന്ധിച്ചുള്ള കേസുകൾ വന്നത് ഇതാണ്. 1963 മുതൽ ഉള്ള പിൽക്കാലപ്രാബല്യത്തിലേക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്. 1-1-1970 മുതൽ ഉള്ള ആനുകൂല്യമാണ് നാം മൂലനിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുത്. അതു

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതിന്, ചില കോടതിവിധികളും മൂലം ചില ബുദ്ധിമുട്ടുകളും ഉണ്ടായി. ആ ബുദ്ധിമുട്ടുകളും ഒഴിവാക്കണമെന്നു കരുതിയിട്ടാണ്. ഇതിൽ കൂടുതൽ പിൽക്കാല പ്രാബല്യം നൽകാൻ ബുദ്ധിമുട്ടുണ്ട്.

പിന്നെ എന്റെ സ്നേഹിതൻ ദേവസ്സിക്കുട്ടി സൂചിപ്പിച്ച മറ്റൊരു സംശയം സെക്ഷൻ 2-ൽ നിയമം വായിച്ച് അതുമായി ബന്ധപ്പെടുത്തി ഈ പ്രൊവൈസോ വായിച്ചാൽ വളരെ ക്ലിയറാണ്—യാതൊരു ambiguity-യും ഈ കാര്യത്തിൽ ഇല്ല. എന്താണ് അതിൽ പറഞ്ഞിരിക്കുന്നത്.

15 A. *Restoration of possession of certain holdings sold for arrears of jenmikaram.*—(1) Notwithstanding anything to the contrary contained in any law, or in any judgment, decree or order of court, where any holding has been sold in execution of a decree for arrears of jenmikaram.....എന്ന് വളരെ ക്ലിയർ ആണ്. അതിന്റെ പ്രൊവൈസോ ആണ് provided that where the holding has been sold to a purchaser other than the decree-holder, the amount.....എന്നു വരുന്നത്. അതിൽ ambiguity ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ട് അങ്ങനെ യാതൊരു സംശയവും ആ കാര്യത്തിൽ ഉണ്ടാകേണ്ട കാര്യമില്ല. ഗവൺമെന്റിന്റെ ഉദ്ദേശവും അതാണ്. യാതൊരു സംശയവും ഇല്ലാത്തതുകൊണ്ട് പ്രത്യേകം എഴുതിച്ചേർക്കേണ്ടതില്ല എന്നു തോന്നുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: 1976 മുതൽ 1979 വരെ സമയം കിട്ടിയിട്ടും ഇതിന്റെ പ്രയോജനം ലഭിക്കാൻ കഴിയാത്ത കുടിയാനെ സഹായിക്കുന്നതിനുവേണ്ടിയാണ് നിയമത്തിൽ ഇപ്പോഴും സമയം നീട്ടിയത്. ഈ കുടിയാന് ആദ്യമായാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ഈ ബില്ലിലൂടെ ആ ആനുകൂല്യം മൂന്നുമാസം കൊടുത്തിരിക്കുന്നു. മൂന്നുവർഷത്തെ സമയം കൊണ്ട് അടച്ചു തീർക്കാൻ സാധിക്കാത്ത കാര്യം മൂന്നു മാസത്തെ സമയം കൊണ്ട് അടച്ചുതീർക്കാൻ സാധിക്കുമോ ?

ശ്രീ. ബേബി ജോൺ: ക്ലാസ് ബൈ ക്ലാസ് ചർച്ചയ്ക്കു വരുമ്പോൾ അതു പറയാം. ഓറൽ അമെൻറുമെൻറ് ആ കാര്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

[Mr. Deputy Speaker in the Chair]

The amendment moved by Sri. N. I. Devassykutty was put and lost.

The question that the Kanam Tenancy Abolition (Second Amendment) Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clause 2

ശ്രീ. ബേബി ജോൺ: ക്ലാസ് 2-ൽ "Any person entitled to restoration of possession of his holding under sub-section (1) may, within a period of three months from the date of publication ....." എന്നാണ് ഇപ്പോൾ ബില്ലിൽ കൊടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

My oral amendment is "in sub-clause (2) of section 15 A proposed to be inserted in the principal Act for the words within a period of three months" substitute the words "within a period of six months". ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

The oral amendment moved by the Honourable Minister was put and carried.

The question that Clause 2 as amended, stands part of the Bill was put and carried.

Clause 2 as amended was added to the Bill.

Clause 3

The question that Clause 3 stands part of the Bill was put and carried.

Clause 3, was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയാൻ നിറുത്തലാക്കൽ (രണ്ടാംഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I second it.

The question that the Kanam Tenancy Abolition (Second Amendment) Bill, 1979 be finally passed was put and carried.

The Kanam Tenancy Abolition (Second Amendment) Bill, 1979 was finally passed.

(iv) 1979-ലെ കേരള ഷോപ്പുകളും വാണിജ്യസ്ഥാപനങ്ങളും സംബന്ധിച്ച (ഭേദഗതി) ബിൽ

Minister for Labour and Housing **(Sri M. K. Raghavan):** Sir, I introduce the Shops and Commercial Establishments (Amendment) Bill, 1979.

Mr. Deputy Speaker: The Bill stands introduced.

Sri M. K. Raghavan: Sir, I move that the Bill may be taken into consideration.

Minister for Finance **(Sri S. Varadarajan Nair):** Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly